# * പൂവും പാട്ടും

— കെ. വി. ലക്ഷ്മണൻ —

"ഹാ! ഒരു ചുകന്ന പുഷ്പം കൊടുക്കുകയാണെങ്കിൽ അവൾ എന്റെകൂടെ ഡാൻസ് ചെയ്യാമെന്നു് എന്നോടു പറഞ്ഞിട്ടുണ്ടു്. പക്ഷെ, കഷ്ടം! എന്റെ തോട്ടത്തിൽ ഒരൊററ ചുകന്ന പുഷ്പംപോലുമില്ലല്ലോ". ആ കൊച്ചുവിദ്യാർത്ഥി അങ്ങനെ തന്നത്താൻ പറഞ്ഞു, അടക്കാൻ വയ്യാത്ത വ്യസനത്തോടുകൂടി.

ആ മരത്തിന്റെ മുകളിൽ ഇരിക്കുന്ന വാനമ്പാടി പക്ഷി ശബ്ദം കേട്ടു തിരിഞ്ഞു നോക്കി, ഇലകളുടെയിടയിൽക്കൂടി. ഇതുകേട്ട് അവൾ ആശ്ചര്യപ്പെട്ടു.

"എന്റെ തോട്ടത്തിൽ ഒരൊററ ചുകന്ന പുഷ്പംപോലുമില്ലെന്നോ! ഹാ! കഷ്ടം!!" നീലിമയേറിയ കണ്ണുകളിൽക്കൂടി കണ്ണീരൊലിപ്പിച്ചുകൊണ്ടു് അവൻ പറഞ്ഞു.

"സുഖം ഇങ്ങനെയുള്ള നിസ്സാരസംഗതികളെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നതു്. ഞാനെത്രയോ മഹാന്മാർ എഴുതിയ പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്'. അതിലടങ്ങിയിരിക്കുന്ന കാര്യങ്ങളെല്ലാം ഞാൻ മനസ്സിലാക്കീട്ടുണ്ടു്. എന്നിട്ടും ഞാനിപ്പോൾ സുഖമില്ലാത്തവനായിരിക്കുന്നു. കാരണം, എനിക്കൊരു ചുകന്ന പുഷ്പം കിട്ടിയില്ല എന്നുള്ളതുകൊണ്ടു്."

'ആ! ഇവിടെയിതാ ഒരു യഥാർത്ഥകാമുകൻ വന്നിരിക്കുന്നു, അവസാനമായി" വാനമ്പാടി പക്ഷി തന്നത്താൻ പറഞ്ഞു. "രാവുകൾതോറും ഞാനവനുവേണ്ടി പാടിയിട്ടുണ്ടു്, അവനെ എനിക്കറിയാൻ പാടില്ലായിരുന്നുവെങ്കിലും ഓരോരാത്രിയിലും ഞാനവന്റെ കഥ നക്ഷത്രങ്ങളെ പാടി കേൾപ്പിച്ചിട്ടുണ്ടു്. ഇപ്പോൾ എനിക്കവനെ കാണുവാനും കഴിഞ്ഞു. ഹാ! അവനെത്ര സൌന്ദര്യമുള്ളവനാണ്. അവന്റെ തലമുടിക്കു നല്ല കറുപ്പുണ്ടു, മിനുസമുണ്ട്'. അവന്റെ മുഖം വളരെ ചെറുതാണ്'; സൌന്ദര്യമേറിയതുമാണ്. പക്ഷെ, ദുഃഖംകൊണ്ടവന്റെ മുഖം വളരെ വിളർത്തിരിക്കുന്നു."

"രാജകുമാരൻ നാളെയൊരു ഡാൻസ് ഏർപ്പെടുത്തിയിട്ടുണ്ടു്." കുട്ടി പറഞ്ഞു. "അവൾ അതിലെ ഒരു അംഗമായിരിക്കും. ഞാനവൾക്കൊരു ചുകന്ന പുഷ്പം സമ്മാനിക്കുകയാണെങ്കിൽ നേരം പുലരുവോളം അവൾ എന്റെകൂടെ ഡാൻസ് ചെയ്യാമെന്നേററിരുന്നു. പക്ഷെ, എന്റെ തോട്ടത്തിൽ ചുകന്ന പൂക്കൾ മാത്രം ഇല്ല. അതു കാരണം ഞാൻ തനിച്ചിരിക്കേണ്ടിവരും. അവൾ എന്നെ കടന്നുപോവുകയും ചെയ്യും. അവൾ എന്നെ ഗൌനിക്കുകയില്ല. ഞാനങ്ങനെ ദുഃഖംകൊണ്ടു മരിക്കേണ്ടിവരും."

"തീർച്ചയായും ഇവിടെത്തന്നെയാണു് പരിപാവനസ്നേഹത്തിന്റെ ഉറവിടം." വാനമ്പാടി പറഞ്ഞു. സ്നേഹം—അതു തീർച്ചയായും മഹത്തരമായ ഒന്നാണ്'. അതു് സ്വർണ്ണത്തേക്കാളും വിലപിടിച്ചതാണ്. അതു അങ്ങാടിയിൽ വിലക്കു കിട്ടുകയില്ല."

---

* Oscar Wyldeന്റെ ഇംഗ്ലീഷ് കൃതിയുടെ സ്വതന്ത്രപരിഭാഷ.

“അവൾ ഭംഗിയായി പാട്ടുപാടും.” ആ കുട്ടി പറഞ്ഞുതുടങ്ങി. “എൻെറ പ്രിയപ്പെട്ട അവൾ ആ ഗാനത്തിനൊപ്പിച്ചു നൃത്തം ചെയ്യും, അവൾ വളരെ മൃദുവായി ഡാൻസ് ചെയ്യും, നിലം സ്പർശിക്കാത്തതരത്തിൽ. വിലപിടിച്ച വസ്ത്രങ്ങളണിഞ്ഞ എത്രയോ ആളുകൾ അവളുടെ ചുററും നില്ക്കുന്നുണ്ടാവും. പക്ഷെ, അവൾ എൻെറകൂടെ മാത്രം ഡാൻസ് ചെയ്യുകയില്ല. കാരണം, എൻെറ കയ്യിൽ ചുകന്ന പുഷ്പമില്ല, അവൾക്കു സമ്മാനിക്കാൻ.” ദുഃഖം സഹിയാത്ത കുട്ടി നിലത്തുവീണു കണ്ണുമടച്ചു പൊട്ടിക്കരയാൻ തുടങ്ങി.

“അവനെന്തിനാണ് കരയുന്നത്?” തോട്ടത്തിൽ നില്ക്കുന്ന പുഷ്പങ്ങൾ അന്യോന്യം ചോദിച്ചു.

“അവനൊരു ചുകന്ന പുഷ്പം വേണം. അതിനാണവൻ കരയുന്നത്.” വാനമ്പാടി പറഞ്ഞു.

“ഒരു ചുകന്ന പൂവിനുവേണ്ടിയോ?” അവർ എല്ലാവരും ഒന്നിച്ചു ചോദിച്ചു. “എത്ര നിസ്സാരമായ കാര്യം” എന്നു പറഞ്ഞ് അവർ പൊട്ടിച്ചിരിക്കാൻ തുടങ്ങി. പക്ഷെ, വാനമ്പാടി മാത്രം ചിരിച്ചില്ല. അവൾക്കറിയാമായിരുന്നു, കുട്ടിയുടെ വ്യസനത്തിനു കാരണം. അവൾ, അതുകൊണ്ട്, അനങ്ങാതെ, മരത്തിൻെറ മേലെയിരുന്നു, അവനെക്കുറിച്ചു ചിന്തിച്ചുകൊണ്ട്. ആ നില ദീർഘനേരത്തേക്കുണ്ടായിരുന്നില്ല. പെട്ടെന്ന് അവൾ ദൂരത്തേക്കു പറന്നുപോയി, മരങ്ങൾക്കിടയിൽക്കൂടി അങ്ങനെ ആ തോട്ടത്തിൽ ചെന്നുപററി.

ആ പച്ചപിടിച്ച പുൽത്തകിടിനു മദ്ധ്യേയായി ഒരു ഭംഗിയുള്ള പനിനീർച്ചെടി നില്ക്കുന്നുണ്ടായിരുന്നു. വാനമ്പാടിപ്പക്ഷി അതിൻെറ മേലെ ചെന്നിരുന്നു.

“ഒരു ചുകന്ന പുഷ്പം തരൂ,” അവൾ അപേക്ഷിച്ചു. പകരമായി അവളുടെ പാട്ടുകളിൽവെച്ച് ഏററവും മാധുര്യമേറിയതു പാടികേൾപ്പിക്കാമെന്നേററു.

ആ മരം തലയുയർത്തിക്കൊണ്ടു മറുപടി പറഞ്ഞു. “എൻെറ പൂക്കളെല്ലാം വെളുത്തതാണ്; പാലുപോലെ വെളുത്തതും പർവ്വതങ്ങളെ പൊതിഞ്ഞു കിടക്കുന്ന മഞ്ഞിനേക്കാളും വെളുത്തതും പക്ഷെ, ഞാനൊന്നു പറയാം. ഒരുപക്ഷെ ചുകന്ന പുഷ്പം കിട്ടിയെന്നുവരും: ചോദിച്ചുള്ളു, എൻെറ സഹോദരനോടു തോട്ടത്തിൻെറ മറുവശത്തുണ്ട് അവൻ നില്ക്കുന്നു.’

കേൾക്കേണ്ടതാമസം. വാനമ്പാടി ആ മരത്തിൻെറ മേൽ പറന്നുവീണു.

“ഒരു ചുകന്ന പൂ തരൂ, ഞാൻ എൻെറ ഏററവും നല്ല പാട്ട് നിന്നെ കേൾപ്പിക്കാം” വാനമ്പാടി അറിയിച്ചു.

‘എൻെറ പൂക്കളെല്ലാം മഞ്ഞയാണ്.” ആ ചെടി തലയുയർത്തിക്കൊണ്ടു മറുപടി പറഞ്ഞു. “മഞ്ഞ. സൂര്യപ്രഭപോലെ മഞ്ഞയായത്. സ്വർണ്ണത്തേക്കാളും മഞ്ഞയായത്. അതുകൊണ്ടു ചുകന്ന പുഷ്പത്തിനു നീ എൻെറ സഹോദരനെ സമീപിക്കുക, അവനൊരുപക്ഷെ നിൻെറ ആഗ്രഹം സാധിച്ചുതരാൻ കഴിയുമായിരിക്കും. ആ വിദ്യാർത്ഥിയുടെ ജന്നലിനു താഴെയായിട്ടാണ് അവൻ വളരുന്നത്”

വാനമ്പാടിപക്ഷി വിദ്യാർത്ഥിയുടെ ജന്നലിന്നരികത്തു വളരുന്ന മരത്തിൻെറ മേലെ പാറന്നുചെന്നു തൻെറ ചോദ്യം ആവർത്തിച്ചു.

"ഒരു ചുകന്ന പൂ തരൂ. ഞാനെൻെറ ഏററവും നല്ല പാട്ട് നിന്നെ കേൾപ്പിക്കാം."

"എൻെറ പൂക്കളെല്ലാം ചുകന്നതാണ്." ചെടി മറുപടി പറഞ്ഞു. "ചുകന്നതു, രക്തം പോലെ ചുകന്നതു്. അസ്തമനസൂര്യനേക്കാളും ചുകന്നതു്. പക്ഷെ, മരം കോച്ചുന്ന തണുപ്പ് എന്നെ മുക്കാലും കൊന്നുകളഞ്ഞു. കൊടുങ്കാററ് എൻെറ കൈകളെല്ലാം ഒടിച്ചുകളഞ്ഞു. അതു കാരണം, ഇനി ഈക്കൊല്ലം മുഴുവൻ എനിക്കു പുഷ്പങ്ങളുണ്ടാവില്ലെന്നാണ് തോന്നുന്നതു്."

"ഒരൊററ ചുകന്ന പുഷ്പം! അതു മാത്രമാണ് ഞാനാവശ്യപ്പെട്ടതു്. ഒരു ചുകന്ന പുഷ്പം മാത്രം!" വാനമ്പാടി പറഞ്ഞു. "അതു കിട്ടുവാൻ ഇനി വേറെ മാർഗ്ഗമൊന്നുംതന്നെയില്ലേ?"

"ഉണ്ട്, ഒരു വഴിയുണ്ട്." ചെടി മറുപടി പറഞ്ഞു. "പക്ഷെ അതു വളരെ ബുദ്ധിമുട്ടുപിടിച്ചതാണ്. അതുകൊണ്ടാണ് ഞാനതു നിന്നോടു പറയാൻ മടിക്കുന്നതു്."

"മടിക്കേണ്ട. പറയു. എന്നോടു പറയു." വാനമ്പാടി പറഞ്ഞു. "എന്തുതന്നെയായാലും ഞാൻ ഭയപ്പെടുന്നില്ല."

"നിനക്കൊരു ചുകന്ന പുഷ്പം വേണമെന്നുണ്ടെങ്കിൽ," ചെടി പറയാൻ തുടങ്ങി, "അതു നീ തന്നത്താൻ ഉണ്ടാക്കേണ്ടിയിരിക്കുന്നു. പൂനിലാവിൽ നിൻെറ സംഗീതം പൊഴിച്ചുകൊണ്ടു, നീ നിൻെറ സ്വന്തം ഹൃദയരക്തം ചൊരിഞ്ഞുകൊണ്ട് ഉണ്ടാക്കേണ്ടിയിരിക്കുന്നു. നീ നിൻെറ ഹൃദയം ഒരു മുള്ളിന്മേൽ തറപ്പിച്ചുകൊണ്ടു് എനിക്കൊരു പാട്ടുപാടിത്തരണം. ഒരു രാത്രി മുഴുവനും—പൂനിലാവുള്ള ഒരു രാത്രി മുഴുവനും—നീ എനിക്കു പാടിത്തരണം. അങ്ങനെ ആ മുള്ള് നിൻെറ ഹൃദയാന്തരത്തിലോളം ഇറങ്ങിച്ചെല്ലട്ടെ, അങ്ങനെ നിൻെറ ഹൃദയരക്തം മുഴുവൻ എന്നിലേക്കൊഴുകട്ടെ. എന്നാൽ നിനക്കൊരു ചുകന്ന പുഷ്പം കിട്ടും."

"മരണം, ഒരു വലിയ തുകയാണ്", വെറും ഒരു ചുകന്ന പൂവിനുവേണ്ടി വാനമ്പാടി തന്നത്താൻ പറയാൻ തുടങ്ങി. "ജീവിതം എല്ലാററിലും വളരെ പ്രിയപ്പെട്ടതുമാണ്. പച്ചമരങ്ങൾക്കിടയിൽ ഇരുന്നുകൊണ്ടു സൂര്യനേയും ചന്ദ്രനേയും നോക്കി രസിക്കുക എന്നുള്ളതു ജീവിതത്തിൽ ഏററവും ആനന്ദപ്രദമായ ഒന്നാണ്. വസന്തത്തിലെ പൂക്കൾ ഏററവും സൌരഭ്യമേറിയതാണ്, മാധുര്യമേറിയതാണ്. എങ്കിലും സ്നേഹം—അതാണ് ജീവിതത്തേക്കാൾ മെച്ചം. മാത്രമല്ല, ഒരു ചെറിയ പക്ഷിയുടെ ഹൃദയം എന്തൊന്നാണ് ഒരു മനുഷ്യഹൃദയവുമായി താരതമ്യപ്പെടുത്തുമ്പോൾ?" എന്നു പറഞ്ഞുകൊണ്ട് അവൾ ആ തണുപ്പേകുന്ന പച്ചമരങ്ങൾക്കിടയിലേക്കു പറന്നുപോയി.

ആ കൊച്ചുവിദ്യാർത്ഥി ഇപ്പോഴും ആ തോട്ടത്തിൽത്തന്നെ കിടക്കുകയാണ്, വാനമ്പാടി എവിടെവെച്ച് അവനെ വിട്ടുപിരിഞ്ഞിരുന്നുവോ അവിടെത്തന്നെ. അവൻെറ നീലിമയേറിയ കണ്ണുകളിൽനിന്നൊഴുകിയിരുന്ന കണ്ണീർ ഇപ്പോഴും വററിയിട്ടില്ല.

"സുഖമായിരിക്കു! സുഖമായിരിക്കു!" വാനമ്പാടി പക്ഷി വിളിച്ചുപറഞ്ഞു. "നിനക്കു നിൻെറ ചുകന്ന പുഷ്പം കിട്ടുമാറാകും. ഞാനെൻെറ ഹൃദയരക്തംകൊണ്ടു നിനക്കുവേണ്ടി ഒരു പൂവുണ്ടാക്കാം—ഒരു ചുകന്ന പൂവ്. ഇതിനെല്ലാം പകരമായി ഞാൻ നിന്നിൽനി

ന്നു പ്രതീക്ഷിക്കുന്നത് നീ ഒരു യഥാർത്ഥകാമുകൻ ആയിരിക്കണമെന്നു മാത്രമാണ്. സ്നേഹം, ലോകത്തിലേക്കുവെച്ച് ഏററവും മഹത്തരമായതാണ്."

പച്ചപ്പുല്ലിൽനിന്നു തലയുയർത്തിനോക്കി, ആ കൊച്ചുവിദ്യാർത്ഥി. പക്ഷി പറയുന്നതെന്താണെന്നവൻ ശ്രദ്ധിച്ചു. പക്ഷെ അവനൊന്നും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. അവന് ഈ ലോകത്തറിയാൻ പാടുള്ളതു പുസ്തകത്തിൽ എഴുതിയിട്ടുള്ള കാര്യങ്ങൾ മാത്രമാണ്.

പക്ഷെ ആ മരത്തിനു കാര്യമെല്ലാം മനസ്സിലായി അതു വളരെയധികം വ്യസനിച്ചു. കാരണം, ആ വാനമ്പാടി അതിന്റെ ചില്ലകളിലാണ് തത്തിക്കളിക്കാറ്. അവിടെവെച്ചാണ് അവൾ തന്റെ ലോകമോഹനമായ ഗാനം പൊഴിക്കാറ്. അവിടെത്തന്നെയാണ് അവൾ പിറവിയെടുത്തതു്, ജീവിക്കുന്നതു്.

"അവസാനത്തേതായി എനിക്കൊരു പാട്ടുപാടിത്തരൂ!" ആ മരം അപേക്ഷിച്ചു. "നീ ഞങ്ങളെയും വിട്ടുപോവുകയാണ്, നീ പോയിക്കഴിഞ്ഞാൽ ഞങ്ങൾ തനിച്ചായിരിക്കും."

അങ്ങനെ ആ വാനമ്പാടിപ്പക്ഷി ആ ഓക്ക് മരത്തിന് ഒരു പാട്ടുപാടിക്കൊടുത്തു. അവളുടെ ശബ്ദം വെള്ളിമണിനാദംപോലെ മനോഹരമായിരുന്നു; കർണ്ണാനന്ദകരമായിരുന്നു.

അവൾ പാടിത്തീർന്നപ്പോൾ ആ കൊച്ചുവിദ്യാർത്ഥി എഴുന്നേററ് അകത്തേക്കുപോയി.

"അവളുടെ ശബ്ദം വളരെ മനോഹരമാണ്." അവൻപറഞ്ഞു. "പക്ഷെ അവൾ വെറും സംഗീതത്തിനുവേണ്ടി മാത്രമാണ് പാടുന്നത്. അവൾ ഒരു സ്വാർത്ഥിക്കുട്ടിയാണ്." എന്നു പറഞ്ഞുകൊണ്ട് അവൻ തന്റെ മുറിയിൽച്ചെന്ന് ഒരു ചെറിയ കിടക്കയിൽ കിടന്നു. അങ്ങനെ അവൻ, തന്റെ സ്നേഹിതയെക്കുറിച്ചു ചിന്തിച്ചുംകൊണ്ട് ഉറങ്ങിപ്പോയി.

ചന്ദ്രൻ ആകാശത്തു് ഉദിച്ചുയുർന്നു. വാനമ്പാടി പാറി പനിനീർച്ചെടിയണഞ്ഞു. അവൾ തന്റെ നെഞ്ച് മുള്ളിനു നേരെ നിറുത്തി. അങ്ങനെ അവൾ രാത്രി മുഴുവൻ പാടി, നെഞ്ച് മുള്ളിന്മേൽ അമർത്തിക്കൊണ്ട്. കുളിരേകുന്ന ചന്ദ്രൻ അവളുടെ ഗാനം ശ്രദ്ധിച്ചു. ചന്ദ്രികച്ചാറിൽ മുങ്ങിക്കുളിക്കുന്ന ആ രാവിൽ, വാനമ്പാടി തന്റെ നെഞ്ച് മുള്ളിന്മേൽ അമർത്തിക്കൊണ്ട് ഉച്ചത്തിലുച്ചത്തിൽ പാടി മുള്ള് അവളുടെ ഹൃദയത്തിലേക്കു തറച്ചിറങ്ങാൻ തുടങ്ങി. ഹൃദയത്തിന്റെ അടിത്തട്ടിലോളം അതു താണിറങ്ങി. അവളുടെ ജീവരക്തം മുഴുവൻ അവളിൽനിന്നൊഴുകിപ്പോയി.

അവൾ സ്നേഹത്തിന്റെ പിറവിക്കുവേണ്ടി ആ രാവു മുഴുവൻ പാടി, തന്റെ ജീവരക്തം ബലിയർപ്പിച്ചുകൊണ്ട്. അതിന്റെ ഫലമായി ആ ചെടിയുടെ അററത്ത് ഒരു ഭംഗിയേറിയ പുഷ്പം സാവധാനത്തിൽ പ്രത്യക്ഷപ്പെട്ടു. ആദ്യം അതു വെറും നദിയിൽ പരന്നുകിടക്കുന്ന മഞ്ഞുപോലെ വിളർത്തതായിരുന്നു, ഒരു വിളർത്ത വെള്ളിനിറം. പക്ഷെ ആ ചെടി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അവളുടെ നെഞ്ച് മുള്ളിനുനേരെ ശക്തിയോടുകൂടി അമർത്താൻ. "മനോഹരമായ പക്ഷീ, അമർത്തു, ശക്തിയോടുകൂടി അമർത്തു. അല്ലെങ്കിൽ പുഷ്പം വിടരുന്നതിനുമുമ്പായി നേരം വെളുത്തുപോകും."

പക്ഷി കുറെക്കൂടി ശക്തിയോടെ തൻെറ നെഞ്ച് മുള്ളിന്നുനേരെ അമർത്തുവാൻ തുടങ്ങി. അവളുടെ ഗാനം അന്തരീക്ഷത്തിൽ ഉയരെ കേൾക്കാൻ തുടങ്ങി. ശബ്ദമാധുര്യം പതിന്മടങ്ങു വർദ്ധിച്ചുകൊണ്ടിരുന്നു; അതേപോലെ സൌന്ദര്യവും. ഒരു മനോഹരമായുള്ള ചുകപ്പുനിറം പൂക്കളുടെ ദളങ്ങളിൽ പരന്നുതുടങ്ങി. എന്നിട്ടും ആ മുള്ള മുഴുവൻ അവളുടെ ഹൃദയത്തിലിറങ്ങിത്തീർന്നിട്ടില്ലായിരുന്നു. അതുകൊണ്ടു പൂവിൻെറ ഹൃദയം ഇനിയും വെള്ളയായിത്തന്നെ അവശേഷിച്ചു. ഒരു വാനമ്പാടിയുടെ ഹൃദയരക്തത്തിന്നുമാത്രമെ ഒരു റോസാപ്പൂവിൻെറ ഹൃദയത്തെ ചുകപ്പിക്കാൻ കഴികയുള്ളു.

ആ മരം വീണ്ടും വിളിച്ചുപറഞ്ഞു: വാനമ്പാടിയുടെ നെഞ്ചു കുറേക്കൂടി ശക്തിയോടെ ആ മുള്ളിന്മേലമർത്തുവാൻ. "മനോഹരിയായ കൊച്ചുപക്ഷി, കുറെക്കൂടി ശക്തിയോടെ അമർത്തുക. അല്ലെങ്കിൽ പുഷ്പം വിടരുന്നതിലിടക്ക് നേരം വെളുത്തുപോകും."

അവളുടെ ശക്തി മുഴുവൻ ഉപയോഗിച്ച് അവൾ അമർത്തി അങ്ങനെ ആ മുള്ള് അവളുടെ ഹൃദയാന്തരാളത്തിൽ ചെന്നുതറച്ചു. ഒരു ഭയങ്കരമായ വേദന അവൾക്കനുഭവപ്പെട്ടു. ഹാ! ആ കൊടുംവേദന, അതവൾക്കസഹനീയമായിരുന്നു. എന്നിട്ടും അവളുടെ പാട്ടിന്നു മാധുര്യംകൂടിക്കൂടിവന്നു. കാരണം, അവൾ സ്നേഹത്തിൻെറ പിറവിക്കുവേണ്ടിയാണ് പാടുന്നത്; അതിന്നുവേണ്ടിത്തന്നെയാണ് മരിക്കുന്നത്-

ആശ്ചര്യം! അതാ ഒരു ചുകന്ന—കടുംചുവപ്പാർന്ന—പുഷ്പം. ഉദയസൂര്യനേക്കാളും ചുവന്നതായ ഒരു പുഷ്പം. ആ പൂവിൻെറ ഹൃദയവുംകൂടി ചുകന്നിരിക്കുന്നു—കടുംചുവപ്പ്.

അതോടുകൂടി അവളുടെ ശബ്ദം ക്ഷയിച്ചുവരാൻ തുടങ്ങി. അവളുടെ ജീവൻ അവളെ വിട്ടുംകൊണ്ട് ഒഴുകിപ്പോകുമ്പോലെ അവൾക്കനുഭവപ്പെട്ടു.

അവസാനമായി അവൾ ഒരു ഗാനവുംകൂടി പൊഴിച്ചു—മാധുര്യമേറിയ ഒരു ഗാനം. ചന്ദ്രൻപോലും അതിൽ ലയിച്ചു പുലരിയെക്കൂടി മറന്നു ആകാശത്തിൽത്തന്നെ നിന്നുപോയിരുന്നു ആ ഗാനമാധുര്യം നുകർന്നുകൊണ്ട്. ആ ചുകന്ന പൂവ്, തൻെറ ദളങ്ങൾ, കുളിർമയേറിയ പ്രഭാതമാരുതനിൽ വിടുർത്തിക്കൊണ്ടിരുന്നു.

"നോക്കൂ! നോക്കൂ!" ചെടി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു "പൂവിതാ വിടർന്നിട്ടുണ്ടു." പക്ഷെ വാനമ്പാടിപ്പക്ഷി അതിന്നുത്തരമൊന്നും പറഞ്ഞില്ല അവൾ പച്ചപ്പുല്ലിൽ മരിച്ചുകിടക്കുകയായിരുന്നു, ഹൃദയത്തിൽ തറച്ചേററ മുള്ളോടുകൂടി.

നേരം ഉച്ചയായപ്പോൾ ആ വിദ്യാർത്ഥി ജന്നൽ തുറന്നു വെളിയിലേക്കു നോക്കി.

"ഹാ! എന്തൊരു ഭാഗ്യം!" അവൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. "ഇവിടെയിതാ ഒരു ചുകന്ന പുഷ്പം. ഞാൻ എൻെറ ജീവിതത്തിൽ ഇത്ര ചുകപ്പേറിയ ഒരു പുഷ്പത്തെ കണ്ടിട്ടില്ല. ഞാൻ കണ്ട പൂക്കളിൽവെച്ച് ഏററവും സൌന്ദര്യമേറിയത്, തീർച്ചയായും, ഇതു മാത്രമാണ്." എന്നു പറഞ്ഞുകൊണ്ട് ആ കുട്ടി തോട്ടത്തിലേക്കോടിപ്പോയി, അതു പൊട്ടിച്ചെടുക്കാൻ.

പിന്നീട് ഒട്ടുംതന്നെ താമസിക്കാതെ, തൊപ്പി ശരിപ്പെടുത്തി, പൂവും കയ്യിലെടുത്തുകൊണ്ട് അവൻ പ്രൊഫസറുടെ വീട്ടിലേക്കോടി.

പ്രൊഫസറുടെ മകൾ അവിടെത്തന്നെയിരിക്കുന്നുണ്ടായിരുന്നു, വാതില്ക്കൽ ഒരു കസാലമേൽ, ഒരു നീലസിൽക്കു കുപ്പായവും ഇട്ടുകൊണ്ട്. അവളുടെ നായക്കുട്ടി അവളുടെ കാലിന്നടിയിൽ കിടന്നു മുരളുന്നുണ്ടായിരുന്നു.

"ഇതാ ഞാനൊരു ചുകന്ന പുഷ്പം കൊണ്ടുവന്നിരിക്കുന്നു—ലോകത്തിലേക്കുവെച്ച് ഏററവും ചുകന്ന പുഷ്പം," വിദ്യാർത്ഥി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. "ഞാനൊരു ചുകന്ന പുഷ്പം കൊണ്ടുവന്നാൽ, നീ എന്റെകൂടെ ഡാൻസ് ചെയ്യുമെന്ന് എന്നോടു പറഞ്ഞിട്ടുണ്ട്. നമ്മൾ ഇന്നു രാത്രി ഒന്നിച്ചു ഡാൻസ് ചെയ്യുമ്പോൾ നീയിതു നിന്റെ ഹൃദയത്തിന്നു തൊട്ടടുത്തു ധരിക്കണം."

പക്ഷെ, ഈ ചുകന്ന പുഷ്പം അവളെ അത്രമാത്രം സന്തോഷിപ്പിച്ചില്ല. "അതെന്റെ ഡ്രസ്സിനോടുകൂടി ചേരുകയില്ലെന്നു ഞാൻ ഭയപ്പെടുന്നു." ആ പെൺകുട്ടി മറുപടി പറഞ്ഞു. "മാത്രമല്ല, ചിലർ എനിക്കുവേണ്ടി നല്ല മനോഹരമായ രത്നങ്ങൾ കൊടുത്തയച്ചിട്ടുമുണ്ട്. അപ്പോൾ എനിക്കെന്തിനാണ് ഈ വെറും ചുകന്ന പുഷ്പം! തീർച്ചയായും, രത്നമാണ് പുഷ്പത്തേക്കാളും വിലപിടിച്ചത്."

"നീ ഒരു ദയയില്ലാത്തവളാണ്." വിദ്യാർത്ഥി ദേഷ്യത്തോടുകൂടി പറഞ്ഞു. അവൻ ആ പൂ—ആ ചുകന്ന പൂവ്—നിരത്തിന്മേലേക്കു വലിച്ചെറിഞ്ഞു. ഒരു വണ്ടി അതിനെ ചതച്ചരച്ചുകൊണ്ടു കടന്നുപോയി!

"ദയയില്ലാത്തവൾ?" പ്രൊഫസറുടെ മകൾ കോപത്തോടുകൂടി ചോദിച്ചു. "ശരി, നീ വെറും മര്യാദകെട്ടവനാണെന്നു ഞാൻ വിചാരിക്കുന്നു. അല്ലെങ്കിൽത്തന്നെ നീ ഇനി ആരാണ്? വെറും ഒരു വിദ്യാർത്ഥി മാത്രം. എന്തിനു, നിനക്കെന്താണ് എന്റെകൂടെ ഡാൻസ് ചെയ്യാൻ അർഹതയുള്ളത്? നിനക്ക് ഒരു ജോടി നല്ല ഷൂസ് പോലുമില്ലല്ലോ!". ഇങ്ങനെ പറഞ്ഞുകൊണ്ട് അവൾ തന്റെ കസാരയിൽനിന്നെഴുന്നേററു വീട്ടിന്നകത്തേക്കു പോയി.

"സ്നേഹം—അതെത്ര നിസ്സാരമാണ്!" വിദ്യാർത്ഥി ഒരു തീരുമാനത്തിലെത്തി. "അതു വായനയുടെ പകുതിയോളം ഗുണമുള്ളതല്ല." അവൻ അഭിപ്രായപ്പെട്ടു.

പിന്നെ അവൻ ഒട്ടും വൈകിച്ചില്ല. നേരെ തന്റെ മുറിയിലേക്കു കടന്നുപോയി. പൊടിപുരണ്ടു കിടക്കുന്ന ഒരു വലിയ പുസ്തകം വലിച്ചെടുത്ത് അവൻ വായിക്കുവാൻ തുടങ്ങി.

# യക്ഷി.

പി. എ. രാമചന്ദ്രൻ, II U. C.

ഇന്നു് അങ്ങോട്ടു പോകുമ്പോൾ എങ്ങിനേയും നേരത്തെ എത്തണമെന്നു് കണക്കാക്കിയിട്ടാണു് ഞാൻ വീട്ടിൽനിന്നും വൈകുന്നേരം പോന്നതു്: എന്നാൽ സമയം ഒരു പത്തര....ഓ....ആയിട്ടുണ്ടാവും. ചങ്ങാതികളുടെ അരികെ പോയി സമയം പോയതറിഞ്ഞതില്ല....

എന്തൊരിരുട്ടാണു്. കയ്യിൽ ഇന്നു് ഒരു നല്ല ടോർച്ചു് കരുതിയിട്ടുണ്ടു്. മിന്നാമിനുങ്ങുകളെപ്പോലെ ആകാശത്തു തിളങ്ങുന്ന നക്ഷത്രങ്ങളെ നോക്കി ഞാൻ നടക്കുകയാണു്. പരിസരം മുഴുവൻ നിശ്ശബ്ദം. മെയിൻറോട്ടിൽ നിന്നും വിട്ടു് കോളേജു് റോട്ടിലൂടെ ഞാൻ നടക്കുകയാണു്. എൻെറ ഷൂസിൻെറ ശബ്ദംമാത്രം കേൾപ്പാനുണ്ടു്. അങ്ങകലെ ഒരു ലോറി പ്രയാസപ്പെട്ടു് നീങ്ങുകയാണു്. ഭയങ്കരത്വത്തിൻെറ സന്ദേശവും വഹിച്ചു് ഒരു രാപ്പക്ഷി എൻെറ തലയ്ക്കുമീതെയുടെ പറന്നു. ഞാൻ ഉള്ളോട്ടു നീങ്ങുകയാണു്. കോളേജു് കുട്ടികളുടെ ലോഡ്ജിൽനിന്നും വെളിച്ചം കാണാനുണ്ടു്. ഒരു കൂട്ടം ലോഡ്ജുകൾ കഴിഞ്ഞു. ഞാൻ വീണ്ടും തിരിയുവാൻ പോകയാണു്. ഒരു ചെറിയ ഇടവഴി. രണ്ടു ഭാഗവും മതിലു പോലെ ചരൽ വരം കയററമാണു്. എൻെറ ഹൃദയം മിടിയ്ക്കാൻ തുടങ്ങി. ആ കയററം കയറുംതോറും എന്തോ ഒരു ഭീതി എൻെറ ഹൃദയത്തെ പിടിച്ചു ഞെരുക്കിക്കൊണ്ടിരുന്നു. ഒരു മൂങ്ങ കരയുകയാണു്. എൻെറ കാൽ ശരിയ്ക്കു നീങ്ങുന്നില്ല. അതാ ആ സ്ഥലം എത്താറായി. എൻെറ തലയ്ക്കു് ആകെ ഒരു ചൂടു്. എനിക്കു വിയക്കുന്നുണ്ടായിരുന്നു. അതാ അവിടെ വിളക്കു കാണുന്നുണ്ടു്. ആ ആൽത്തറയിൽ സാധാരണ വിളക്കു് കത്തിയ്ക്കും. അതിനു പുറം കാവാണു്. അദൃശ്യമായ ചില പ്രേതങ്ങൾ അവിടെ നൃത്തം വയ്ക്കുന്നോ എന്നെനിയ്ക്കു തോന്നി. അവിടെ അടുത്തു് വീടൊന്നുമില്ല. വെറും കുന്നിൻപ്രദേശം. കുറച്ചപ്പുറമായി ഒരാൾ ഒരു തീപ്പെട്ടിക്കമ്പനി തുടങ്ങുവാൻ ഒരു 'ബിൽഡിങ്ങ്' പണിയിച്ചുവരുന്നുണ്ടായിരുന്നു. ഈവക സ്ഥലമെല്ലാം എനിയ്ക്കു പുത്തിരിയാണു്.

നീറിപ്പുകയുന്ന മിലിററി തോക്കുകളുടെയെല്ലാം മേൽനോട്ടം വഹിയ്ക്കുന്നവനാണു് ഞാൻ. ഒരു യക്ഷിയെപ്പോലെ അവ ഓരോന്നിനേയും ഞാൻ ഭയപ്പെട്ടിരുന്നു. അവയുടെയെല്ലാം ഇടയിൽനിന്നും രണ്ടു മാസത്തെ അവധി എനിയ്ക്കു കിട്ടി. കഴിഞ്ഞ ആഴ്ചയാണു് ഞാൻ വന്നതു്. പക്ഷെ ഇവിടെ ഇന്നലെയാണു് വന്നതു്. എന്തിനാണെന്നോ? എൻെറ ഭാര്യയുടെ വീടാണിവിടെ. അതെ! ഞാൻ വിവാഹിതനാണു്. ഒൻപതു് മാസമായി ഞാൻ ഇവിടെനിന്നും പോയിട്ടു്. അപ്പോൾ ഉള്ള വീട്ടിലല്ല അവളിപ്പോളുള്ളതു്. ഇതൊരു പുതിയ വീടാണു. അങ്ങിനെ ഇന്നലെ ഏററവും മധുരമായ വിചാരങ്ങളോടെ ഞാൻ ഇവിടെ വന്നു എന്തൊരു കോലാഹലവും ബഹളവും! മിലിററിക്കാരനല്ലേ? പേൻറിൻെറ രണ്ടു പോക്കററിലും കയ്യിട്ടു് പുകയുന്ന സിഗരെററ് ചുണ്ടിൽ വച്ചു് 'ലാടം'തറച്ച ഷൂസ് അമർത്തിച്ചവുട്ടി ഒന്നാടിക്കൊണ്ടു് നടക്കുന്ന ഗമ ഒന്നു വേറെതന്നെയാണു്. തന്നെ! അവൻെറ ഭാര്യാസ്ഥാനത്തിൽ ഒരുത്തി എത്രത്തോളം അഭിമാനംകൊള്ളും? ഏറിയ കാലവും അയവിറക്കുന്ന മധുരചിന്തകളാണു് ഭാവം ഉൻമിഷിക്കുന്നതെങ്കിലും ഒരു മിലിററിക്കാരൻെറ ഭാര്യ ആയതിൽ അംബുജവും അഭിമാനിയ്ക്കുന്നുണ്ടാവും. കൂട്ടുകാരികളോടെല്ലാം ഒരുപാടു് പറയാനുണ്ടാവും.......

ഉം, അത് പോട്ടെ....

ഇന്നലെ വൈകുന്നേരം ഞാൻ ചില ചങ്ങാതിമാരെ കാണുവാൻവേണ്ടി പുറത്തേക്കിറങ്ങി. ടോർച്ച് എടുത്തിരുന്നില്ല. വേഗം മടങ്ങാമെന്നു കരുതി. പക്ഷെ തിരിച്ചപ്പോൾ സമയം പതിനൊന്നായിട്ടുണ്ടായിരുന്നു.

അങ്ങിനെയാണ് ആ സംഭവം ഉണ്ടായത്. ഈ ഉയന്ന ആലിന്നടുത്ത്‌വച്ച്. ഈ കാവിന്റെ മുമ്പിൽവച്ച്. ആ വിളക്കിന്റെ പരിസരത്തിൽവച്ച്....ഈ വഴിയുടെ നടുവിൽ വച്ച്....ഈശ്വരാ! ഇന്നും അതേ സമയം. എനിക്കു വല്ലാതെ ദാഹിക്കുന്നു. ഇന്നലത്തെ സംഭവം എന്നെ വല്ലാതെ, ഭീതിപ്പെടുത്തുന്നു.

ഇന്നലെ ഞാൻ നടന്ന് നടന്ന് ഒരുവിധം ഇവിടെയെത്തി. മെല്ലെയായിരുന്നു നടന്നിരുന്നത്. കണ്ണ് തീരെ കാണാനുണ്ടായിരുന്നില്ല. അത്രയ്ക്ക് ഇരുട്ടുണ്ടായിരുന്നു. കാവിൽനിന്നും കത്തിയിരുന്ന ആ വിളക്ക് ഏകദേശം വഴി മനസ്സിലാക്കിത്തന്നു. വെറും ചീവിട്ടിന്റെ ശബ്ദം മാത്രം. ഞാൻ ഉറക്കെ 'ചൂളം'വിളിച്ച് ഒരു പാട്ട് പാടിക്കൊണ്ട് വരുകയായിരുന്നു. അങ്ങ് അകലെ നിന്നും കുറുക്കന്മാരുടെ കരച്ചിൽ ശരിക്ക് കേൾക്കാമായിരുന്നു. ഞാൻ അംബുജത്തിനെപ്പറ്റി ആലോചിക്കുകയായിരുന്നു. ഞാനിന്ന് ഇത്രനേരം വൈകിയതിൽ അവൾ തീച്ചയായും പരിഭവിക്കും. തുടുത്ത ആ കവിളുകൾ ചുണ്ടിലൂടെ കൂത്ത് നില്ക്കും. തല തിരിച്ച് അവൾ നടക്കും. എന്റെ ചിരി എന്തുരസമായിരിക്കുമെന്നോ, അങ്ങിനെ നടക്കുമ്പോഴാണ ഇതുണ്ടായത്....

"ഠം....!!" എന്റെ പിരടിക്ക് ഒരടി! ഞാൻ തരിച്ചുപോയി. എന്റെ ചൂളംവിളി നിന്നുപോയി. ആ ആൽമരം കാററിൽ വലിഞ്ഞ് ആടുകയായിരുന്നു. ഞാൻ പിന്നോട്ട് നോക്കി. യാതൊന്നും കാണാനില്ല! കുറുക്കൻ അപ്പോഴും ഓളിയിട്ടിരുന്നു. ആകാശത്തുനിന്നും ഒരു കൊള്ളിമീൻ അവിടെ അടുത്ത് വീണതുപോലെ തോന്നി. എന്റെ നെഞ്ഞ് വളരെ ഊക്കോടെ അടിച്ചുകൊണ്ടിരുന്നു. അശരീരിയായിവന്ന് എന്റെ പിരടിയിലടിച്ച ആ അത്ഭുതസാധനത്തെപ്പറ്റി ഊഹമില്ലാതെ ചിന്തിച്ച് ചിന്തിച്ച് ഭീതികൊണ്ട് വീർപ്പുമുട്ടുന്ന ഹൃദയത്തോടെ ഞാൻ നീങ്ങി. ഓരോ കാൽവെപ്പിലും ഞാൻ പിന്നോട്ട് നോക്കാതിരുന്നില്ല. ഉന്തി പല്ലിളിച്ച് നീണ്ട നഖത്തോടുകൂടിയ എന്തോ ഒന്ന് എന്റെ പിന്നാലെ ഉണ്ടോ എന്നെനിക്കൊരു തോന്നൽ. ചെറുപ്പത്തിൽ അമ്മ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അമ്മയുടെ മുത്തശ്ശി ഒരു അമ്പലത്തിൽനിന്നും ഒരു പ്രേതത്തെ കണ്ടത്രെ! ആ സ്ത്രീ മൂന്നാംദിവസം മരിക്കുകയും ചെയ്തു. അവർ പറഞ്ഞതാണത്രെ അതിന്റെ രൂപം. ഉയന്ന് പല്ലിളിച്ച് നീണ്ട നഖത്തോടുകൂടിയതായിരുന്നു അതെന്ന്. ഞാൻ വിശ്വസിച്ചില്ല. എന്തു പ്രേതം? എന്നാൽ എന്നെ അടിച്ചത് പിന്നീടെന്താണ്. വഴിയിൽ ആരേയും കാണാനില്ല. ഞാൻ പിരടി മെല്ലെ തടവി. ഒരു നീറൽ. വിരൽകൊണ്ട് തൊടുംതോറും നീറുന്നു. അതെ! അവിടെ കോറിയിട്ടുണ്ട്. രക്തം വന്നിട്ടുണ്ട്. ഒരു നനവ്. ഞാൻ വേഗം നടക്കുംതോറും പിന്നിൽനിന്നും ഇലകൾ വല്ലാതെ ഇളകിയിരുന്നു. ഞാൻ മൂന്നരകൊല്ലമായി പട്ടാളത്തിലായിട്ട്. ഇതുപോലൊരു സംഭവം ഇന്നലെ നടാടെയായിരുന്നു.

ഒരുവിധത്തിൽ ഞാൻ വീട്ടിലെത്തി. എരിയുന്ന മണ്ണെണ്ണ വിളക്ക് കത്തിച്ച്‌വച്ച് അംബുജം കോലായിലിരിക്കുകയാണ്.

കാലും മുഖവുമെല്ലാം കഴുകി ഞാൻ ഉണ്ണാനിരുന്നു. സാവധാനം ഞാൻ ആ സംഭവം പറഞ്ഞു. അമ്മായിയും സരോജവും ഒന്നിച്ച് 'ഹയ്യോ' എന്ന് പറഞ്ഞു.

'ചതിച്ചോ ഭഗവതീ'....മുറിയെവിട്യാ....' അമ്മായി ചോദിച്ചു. ഞാൻ അത് കാട്ടിക്കൊടുത്തു. അവർ അപ്പത്തന്നെ എന്തോ ഒരു മരുന്ന് അതിൽ അരച്ചിട്ടു. ഊണ് കഴിഞ്ഞ്, ഞാൻ ചോദിച്ചു.

'അതെന്താണ്'....?'

'അല്ലാ... അവിടെ ഒരു യക്ഷിയുണ്ട്, അതിനെപ്പേടിച്ച് രാത്രി ആരും അതിലെ നടക്കാറില്ല' അംബുജമായിരുന്നു അത് പറഞ്ഞിരുന്നത്. അവളുടെ കണ്ണ് നിറഞ്ഞിരുന്നു.

'യക്ഷിയോ....?'

'ങ്ആ....യക്ഷി, കൊറെ മുമ്പ ഉള്ളതാണവിടെ' അമ്മായി അമ്മ പറഞ്ഞു!

'അതെല്ലവരേം അടിയ്ക്കില്ല്യാ....'

'അതിലെ പോകുമ്പോൾ ഉറക്കെ വർത്തമാനം പറഞ്ഞാലോ കൂക്കിയാലൊ, പാട്ടു പാടിയാലൊ അത് അടിയ്ക്കും....മിണ്ടാതെ പോയാലും ചെയ്യുത്രെ! വല്ലാതെ ഊക്ക്ണ്ടാന്നോ?'

'ങ്ആ....ഞാൻ ചൂളംവിളിച്ചിരുന്നു', ഞാനതു മുഴുമിച്ചില്ല.

'അത് മതി, അത് മതി'.

'അതെന്താത്....'

'അത്'....ആ യക്ഷിയ്ക്കതൊന്നും കേട്ടൂട....'

'ഉം?'

'അതങ്ങിനെ ഉണ്ടായതാണ്....'

'എങ്ങിനെ എങ്ങിനെ?'

'എന്റെ അമ്മ പറഞ്ഞ് കേട്ടതാണ്' അമ്മായി പറഞ്ഞു. കുറെ മുൻപാണത്രെ! മാധവീന്ന് പേരായി ഒരുത്തി അവിടെ അടുത്ത് താമസിച്ചീനു. അതിന്റെ അടുത്ത വീട്ടില്, ഒരുത്തൻ മലയയിൽനിന്ന് ഇവിടെ വന്നീനു. അവൻ നല്ലതായി പാട്ടുപാടും, കുഴലിൽ പാട്ടുകളും ചെയ്തിരുന്നു....'

'കുഴലൊ?'

'ഫിഡിലെ,....അല്ല എന്താണ് ഫ്ലൂട്ട്....' അംബുജം പറഞ്ഞു.

'ഓഹൊ,....എന്നിട്ട്'

'ഓളത് കേട്ട് മയങ്ങിപ്പോയി. ഓള് ഓനെത്തന്നെ കിട്ടണംന്ന് ആശിച്ച്; എന്നാല് ഓൻ ഓളെ പറ്റിച്ച്. മൂന്ന് മാസം കഴിഞ്ഞ് ഓൻ പോയി. രണ്ട് മാസംകൂടി കഴിഞ്ഞപ്പം ഓക്ക് ഗർഭാന്ന് മനസ്സിലായി. അങ്ങനെ ആ ആലുംകൊമ്പത്ത് ഓള് തൂങ്ങിമരിച്ചു. ഓളെ യക്ഷിയാണ്'പോലെ....'

'ങ്ഏ....?'

'ഗർഭം ഉള്ളോളല്ലേ്യന്നൊ.......ഇന്ന് തിങ്കളാഴ്ച ആയ്ത് നന്നായി. നാളേന്നെങ്കില് ഉഗ്രം കൂടും....ഏതായാലും നാളെ ശങ്കുണ്ണിപ്പണിക്കരെ ഒന്ന് വിളിക്കണം. ഉഴിഞ്ഞ് വാങ്ങണം'!

'ഉം....' ഞാൻ മൂളി. തീരെ വിശ്വാസമില്ലാത്ത എനിയ്ക്ക് എന്താ കുറെശ്ശെ ഒരു വിശ്വാസം. പണ്ട് കാരണവർമാർ പറഞ്ഞതൊക്കെ ശരിയാണ്. ഇങ്ങനെ യക്ഷിഭൂതാ എന്നു പറഞ്ഞ് സാധനങ്ങളൊക്കെയുണ്ട്. അനുഭവമായല്ലൊ....

ഇതാണിന്നലെ നടന്ന സംഭവം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇന്ന് നേരത്തെ എത്തേണ്ടിയിരുന്നുവെന്ന്. കൂടാതെ ഉഴിഞ്ഞുവാങ്ങാൻ പണിക്കർ വന്ന് കാത്തിരിക്കുന്നുണ്ടാകും! ഇന്ന് ടോർച്ചുണ്ട്. പക്ഷെ ധൈര്യം തീരെയില്ല. കാവ് അടുക്കുംതോറും ആകെ കറങ്ങുന്നു! ഇന്ന് ചൊവ്വാഴ്ചയാണ്.

ഇന്നലെ രാത്രി കണ്ട സ്വപ്നം അതിലുപരി പേടിപ്പിക്കുന്നു. ഞാൻ ഒറ്റയ്ക്ക് ഈ കാവിന്നടുത്തുകൂടെ പോവുകയാണ്. പിന്നിൽനിന്നു ഒരു ശബ്ദം....ഈശ്വരാ! വെളുത്ത വസ്ത്രമുടുത്ത് ഭയങ്കരമായ ഉയരമുള്ള ഒരു സ്ത്രീ. മുടി അഴിച്ചിട്ട് ഒരു കുട്ടിയെ രണ്ടായി ചീന്തുന്നു. പൈശാചികമായ ഒരു ചിരിചിരിച്ച് അവരും എന്റെ അടുത്തേക്ക് വരുകയാണ്. കാവിന്റെ ചുറ്റും കഴുകന്മാർ ശവംകൊത്തി വലിക്കുന്നു. അതിന്റെ മുകളിലെല്ലാം കയറിനിന്നുകൊണ്ട് വേറും അസ്ഥികൂടങ്ങളും നൃത്തംവെക്കുന്നു. ആ ആൽ ആകെ ഇളകുന്നു....ആ യക്ഷിയുടെ കൈകളും എന്റെ അടുത്തേക്ക് നീളുവരുന്നു. അവരുടെ കൈകൊണ്ട് എന്നെ ഒരു പൊന്തിക്കൽ. ഞാൻ ഉറക്കെ നിലവിളിച്ചു. ആ യക്ഷി എന്നെ അവരുടെ വല്ലിന്നടുത്തേക്കടുപ്പിക്കുകയാണ്.

ഞാൻ പെട്ടെന്ന് കൺതുറന്നു. എന്റെ അടുത്ത് അംബുജമാണ് കിടക്കുന്നതെന്നു മനസ്സിലാക്കുവാൻ ഞാൻ വളരെ പ്രയാസപ്പെട്ടു.

ആ രൂപങ്ങളെല്ലാംതന്നെ കണ്ണിന്റെ മുമ്പിൽ ഉയർന്നുവരികയാണ്. കാവിന്നു ചുറ്റും കഴുകന്മാരുള്ളതുപോലെ തോന്നുന്നു. അദൃശ്യമായ ചില പ്രേതങ്ങളും നിന്നു നൃത്തംവെക്കുന്നു.

പെട്ടെന്ന് വിളക്ക് കെട്ടു....ആകെ മുഴുവൻ അന്ധകാരം ഞാൻ തലതാഴ്ത്തി ടോർച്ച് കാലിന്നടുത്തടിച്ച് വേഗം നീങ്ങി. ആൽവൃക്ഷം കാററിൽ ആകെ ആടുകയാണ്. ദൂരത്തുനിന്നും ഏതോ ഒരു വണ്ടി പാലത്തിന്നു മുകളിൽ കയറിയ ശബ്ദം കേൾപ്പാനുണ്ട്, ഒരിളക്കം. ഞാൻ ടോർച്ചടിച്ചു. ഒരു വലിയ പാമ്പ് ഇഴഞ്ഞു നീങ്ങുകയാണ്.

'രാ....മാ....പൂവ്വേ....'. അങ്ങകലെനിന്നും ആരോ കൂവുകയാണ്.

മിടിക്കുന്ന ഹൃദയത്തിന്ന് അതൊരു ആശ്വാസമായി അനുഭവപ്പെട്ടു. ഞാൻ കാവു കഴിഞ്ഞുവെന്ന മട്ടിലായി. എങ്കിലും വല്ലാത്തൊരു ഭയം........

'ഠൌ' അയ്യൊ!

ഇന്നലത്തെ അതേപോലതന്നെ ഒരൊററ ഒരടി. ഞാൻ........അല്ലൊ! ആരുമില്ല. പെട്ടെന്നൊരു ദാഹം! ഇന്ന് ചൊവ്വാഴ്ചയാണ് ഉഗ്രംകൂടും....അംബുജം! ഇനി ഞാൻ നിന്നെ കാണുമൊ? ടോർച്ച് എന്റെ കയ്യിൽനിന്നും താഴെ വീണുപോയി. എങ്കിലും മെല്ലെ കുനിഞ്ഞെടുത്തു. ഇങ്ങിനെയൊരുപേടി ഇതുവരെ എനിക്കുണ്ടായിട്ടില്ല........ടോർച്ചടിച്ചുനോക്കാൻ എന്റെ വിരലുകൾ നീങ്ങുന്നില്ല.

യക്ഷി! അതെ! അതുണ്ട്....ഇന്നത് ബോദ്ധ്യമായി....ഇന്നലത്തെ സ്വപ്നംപോലെ അവളിപ്പോൾ വരുമൊ? ഞാൻ മെല്ലെ ഒരടി മുൻപോട്ടുവെച്ചു. ആൽവൃക്ഷം ആകെ ഇളകുന്നതുപോലൊരു തോന്നൽ.

'ഠെ!' രണ്ടാമതും! അത് മുഖത്ത് വലത്തെ ഭാഗത്തായിരുന്നു. ഞാൻ തളർന്നു. പക്ഷെ എന്റെ കൈ പെട്ടെന്ന് ടോർച്ച് മിന്നിച്ചു മേലോട്ടുനോക്കി.

ഒരു........ഞാനെന്തു പറയട്ടെ! ഒരു വലിയ കറുത്ത വാവൽ ചിറകടിച്ചു പറക്കുന്നു. അവ മുകളിൽ ധാരാളം പറക്കുന്നു. അവ ഞാൻ ടോർച്ച് കെടുത്തിയപ്പോൾ വീണ്ടും വരുന്നു എന്റെ അടുത്തേക്ക്! ഭയങ്കരയക്ഷി! ഞാൻ സ്തംഭിച്ചുപോയി.

★